# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 752** 08.11.2016-ൽ മറുപടിക്ക്

**ഇ-ഹെൽത്ത് പദ്ധതി**

**ചോദ്യം**

**ശ്രീ.ജെയിംസ് മാത്യു**
**,, പി.വി. അൻവർ**
**,, മുരളി പെരുനെല്ലി**
**,, എം.നൗഷാദ്**

**മറുപടി**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇ-ഹെൽത്ത് പദ്ധതിക്കായി വേണ്ട അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണ്; മറ്റേതെങ്കിലും സംസ്ഥാനത്തിൽ ഇത്തരം പദ്ധതി നിലവിലുണ്ടോ; പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി, ഇത് സംസ്ഥാന വ്യാപകമാക്കുന്നതിനു മുമ്പ്, മാതൃകാപദ്ധതി നടപ്പിലാക്കി അതിന്റെ അവലോകനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | ഇ-ഹെൽത്ത് പദ്ധതിയ്ക്കായി ആശുപത്രികളിൽ കമ്പ്യൂട്ടറുകൾ, സർവറുകൾ, പ്രിന്ററുകൾ എന്നീ ഹാർഡ് വെയറുകളും നെറ്റ് വർക്കിനാവശ്യമായ വയറിംഗ്, ജനറേറ്റർ യു.പി.എസ്. കേബിളുകളും ഇലക്ട്രിക്ക്-നെറ്റ് വർക്ക് കണക്ഷനും ഉണ്ടായിരിക്കണം. ഫീൽഡ് തലങ്ങളിൽ പ്രവർത്തനവും വിവരശേഖരണവും നടത്തുന്ന ജീവനക്കാർക്കായി ഏകദേശം പതിനായിരത്തോളം Tablet Pc യും ആവശ്യമുണ്ട്.<br><br>കേരളത്തിലെ പദ്ധതി പോലെ സമഗ്രമായ പദ്ധതി മറ്റൊരു സംസ്ഥാനത്തിലും ഇപ്പോൾ നിലവിലില്ല. തിരുവനന്തപുരം ജില്ലയിലെ വേളി, ചെറിന്നീയൂർ, ഉഴമലയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, മണമ്പൂർ, വെള്ളനാട് എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ചിറയിൻകീഴ്, ഫോർട്ട് എന്നീ താലൂക്ക് ആശുപത്രികൾ, പേരൂർക്കട ജില്ലാ ആശുപത്രി, തൈക്കാട് വിമൺ ആന്റ് ചൈൽഡ് സ്പെഷ്യാലിറ്റി ആശുപത്രി, ജനറൽ ആശുപത്രി, ടി.ബി. സെന്റർ, പബ്ലിക് ഹെൽത്ത് ലാബ്, മെഡിക്കൽ കോളേജ് എന്നീ ക്രമത്തിൽ 13 സ്ഥാപനങ്ങളിൽ മാതൃകാ പദ്ധതി നടപ്പിലാക്കിയതിന്റെ അവലോകനം നടത്തിയതിനു ശേഷം ആയിരിക്കും സംസ്ഥാന വ്യാപകമായി പദ്ധതി നടപ്പിലാക്കുക. |

**സെക്ഷൻ ഓഫീസർ**